# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത 15.07.2015 ലെ മറുപടിക്ക്

ചോദ്യം നം 3696

## വിനോദ സഞ്ചാര മേഖലയുടെ അടിസ്ഥാന സൗകര്യ വികസനം

**ചോദ്യം**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

ശ്രീ. എസ്.രാജേന്ദ്രൻ

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. ജെയിംസ് മാത്യു

**ഉത്തരം**

ശ്രീ. എ.പി.അനിൽകുമാർ
(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം വിനോദ സഞ്ചാര മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശം നൽകാമോ ;

എ) വിനോദ സഞ്ചാര മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശം അനുബന്ധം എ ആയി ഉള്ളടക്കം ചെയ്യുന്നു.

ബി) ഈ പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ ;

ബി) ഭരണാനുമതി ലഭിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി വകുപ്പ് തലത്തിൽ അതത് നിർവ്വഹണ ഏജൻസികളുമായി സംസ്ഥാന തലത്തിൽ അവലോകനം ചെയ്യുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. പദ്ധതി നടത്തിപ്പിനും പുരോഗതി വിലയിരുത്തുവാനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകാനും എല്ലാ ജില്ലാ ഓഫീസുകളിലും മോണിറ്ററിംഗ് സിസ്റ്റം കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. കൂടാതെ റിവ്യൂ മീറ്റിംഗുകളിലൂടെയും Project Monitoring System മുഖേനയും വർക്കുകളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്.

സി) അനുമതി നൽകിയ പദ്ധതികളിൽ ആരംഭിക്കാത്തവ ഏതൊക്കെയാണ് ; അതിന്റെ കാരണമെന്തെന്ന് അറിയിക്കാമോ ;

സി) അനുമതി നൽകിയ പദ്ധതികളിൽ ആരംഭിക്കാത്തവ അനുബന്ധം ബി ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു. ടൂറിസം വകുപ്പിന് നിലവിൽ എഞ്ചിനീയറിംഗ് വിംഗ് ഇല്ലാത്തതിനാൽ മറ്റ് ഏജൻസികളായ KITCO,

(..........2)

SIDCO, SILK, KIIDC, PWD, Irrigation തുടങ്ങിയ ഏജൻസികൾ മുഖേനയാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്. പ്രസ്തുത ഏജൻസികളുടെ ടെൻഡറിംഗ് പ്രോസസിലുണ്ടാകുന്ന കാലതാമസവും മറ്റ് സാങ്കേതിക തടസ്സങ്ങൾ. ഭൂമി ലഭ്യത കുറവ് തീരദേശ പരിപാലന നിയമം, വനം വകുപ്പിന്റെ നിയന്ത്രണം, പാരിസ്ഥിതിക അനുമതി ലഭ്യമാകുന്നതിനുള്ള കാലതാമസം എന്നിവയും പദ്ധതികൾ സമയബന്ധിതമായി ആരംഭിക്കുന്നതിന് കാലതാമസത്തിന് കാരണമാകുന്നു.

ഡി) ഈ പദ്ധതി പ്രകാരം വിനോദസഞ്ചാര കേന്ദ്രങ്ങൾ തിരഞ്ഞെടുക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു ?

ഡി) ടൂറിസം സാദ്ധ്യതയുടെ അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹണത്തിന് പര്യാപ്തമായ ഭൂമിയുടെ ലഭ്യത ഉറപ്പ് വരുത്തുകയും വകുപ്പിന്റെ ജില്ലാ ഓഫീസർമാരുടെയും / ബന്ധപ്പെട്ട ഡിറ്റിപിസികളുടെയും സാധ്യതാ പഠന റിപ്പോർട്ടിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ NOCയുടെയും അടിസ്ഥാനത്തിൽ പദ്ധതിക്കാവശ്യമായ പ്രൊപ്പോസൽ പാസാക്കി സർക്കാർ അനുമതിയോടെ തുടർ നടപടികൾ സ്വീകരിക്കുന്നു.

Anuradha

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്